**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1428** **19-06-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് അനുവദിച്ച ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ മാവേലിക്കര ഗവ. വൊക്കേഷണൽ & പോസ്റ്റ് ഹയർസെക്കൻഡറി സ്കൂൾ, കുടശ്ശനാട് ഗവ. ഹയർ സെക്കൻഡറി സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണത്തിനായി 2018-2019 മുതൽ പ്ലാൻ ഫണ്ടും കിഫ്ബി പദ്ധതിയും മുഖേന അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | **പ്രസ്തുത സ്കൂളുകളിൽ 2018-19 മുതൽ അനുമതി നൽകിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (ബി) | **പ്രസ്തുത സ്കൂളുകളിൽ 2018-19 മുതൽ അനുമതി നൽകിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.** |
| (സി) | പ്രസ്തുത പദ്ധതികൾ നാളിതുവരെ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. പ്രസ്തുത സ്കൂളുകളിലെ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി താഴെത്തെനില കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ശേഷം മുകൾ നില പ്ലാൻ ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്നതാണ്. കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുവാൻ നിർവ്വഹണ ഏജൻസിയായ കിലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നം. | പദ്ധതി | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| **ഗവ. വൊക്കേഷണൽ & പോസ്റ്റ് ഹയർ സെക്കന്ററി സ്കൂൾ, മാവേലിക്കര** | | | |
| 1. | പ്ലാൻ ഫണ്ട് | 200 | താഴത്തെ നില കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചശേഷം മുകൾ നില പ്ലാൻ ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്നതാണ്. കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട് |
| 2. | കിഫ്ബി ഫണ്ട് | 100 | |
| 3. | പ്ലാൻ ഫണ്ട് | 76.89 | നിർമ്മാണം പൂർത്തിയായി |
| **ഗവ. ഹയർ സെക്കന്ററി സ്കൂൾ, കുടശ്ശനാട്** | | | |
| 1. | പ്ലാൻ ഫണ്ട് | 200 | താഴത്തെ നില കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചശേഷം മുകൾ നില പ്ലാൻ ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്നതാണ്. കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട് |
| 2. | കിഫ്ബി ഫണ്ട് | 100 | ഒരു കോടി രൂപയിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ 130 ലക്ഷം രൂപയ്ക്കുള്ള പ്രോജക്ട് റിവിഷന് കിഫ്ബിക്ക് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. |

T.V.Nath

സെക്ഷൻ ഓഫീസർ